# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 616 — 02-12-2014-ൽ മറുപടിക്ക്

**എമർജിംഗ് കേരള സംരംഭം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |

(എ) യുവസംരംഭകർക്കായി സംഘടിപ്പിച്ച എമർജിംഗ് കേരള എത്രമാത്രം വിജയമായിരുന്നു ;

(ബി) കേരളത്തിന്റെ വികസനത്തിനു പുതിയ തൊഴിൽ സംരംഭം കണ്ടെത്തുന്നതിന് ഇതിലൂടെ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ ?

(എ) & (ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കു വച്ചു.

പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെ, ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവ സംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

അഭ്യസ്തവിദ്യരായ യുവതലമുറയെ തൊഴിൽ അന്വേഷകർക്ക് പകരം തൊഴിൽ ദാതാക്കളാക്കുക എന്നതാണ് പ്രസ്തുത സംഗമം മുന്നോട്ട് വച്ച ആശയങ്ങളിൽ ഒന്ന്. സംരംഭകത്വ ആശയങ്ങൾ മനസ്സിലുള്ള വിദ്യാർത്ഥി/ യുവസംരംഭകരുടെ ആശയങ്ങളെ സാക്ഷാത്കരിക്കുക വഴി കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വങ്ങളുടെ കേന്ദ്രമാക്കി മാറ്റാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

(signature)

സെക്ഷൻ ഓഫീസർ